## പതിനാലാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4904

27.10.2016 ൽ മറുപടിനൽകേണ്ടിയിരുന്നത്

### (ഐ.എ.വൈ. പദ്ധതി പ്രകാരം ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ)

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.മുരളി പെരുനെല്ലി | ശ്രീ. കെ.രാജൻ<br>(ബഹു. റവന്യൂ-ഭവന നിർമ്മാണ വകുപ്പ് മന്ത്രി) |
| (എ) ഐ.എ.വൈ. ഭവന പദ്ധതിയിൽ എസ്.സി.വിഭാഗത്തിന്റെ ഭവന നിർമ്മാണത്തിന് അനുവദിച്ചിട്ടുള്ള മൂന്ന് ലക്ഷം രൂപ, നിലവിൽ രണ്ട് ലക്ഷം രൂപ വീതം ഫണ്ട് നൽകിയിട്ടുള്ള തൃശ്ശൂർ ജില്ലയിലെ മുല്ലശ്ശേരി ബ്ലോക്ക് പഞ്ചായത്തിൻ കീഴിലെ നൂറ്റമ്പതോളം ഗുണഭോക്താക്കൾക്ക് അനുവദിച്ചു നൽകുവാൻ നടപടി സ്വീകരിക്കുമോ; | (എ) തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഉത്തരവ് പ്രകാരം എസ്.സി/എസ്.ടി ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിനായി നൽകി വരുന്ന ധനസഹായം 3 ലക്ഷം രൂപയാക്കി വർദ്ധിപ്പിച്ചത് ഐ.എ.വൈ. പദ്ധതിക്കും ബാധകമാക്കിയിട്ടുണ്ട്. ഈ ഉത്തരവ് പ്രകാരം മുല്ലശ്ശേരി ബ്ലോക്ക് പഞ്ചായത്തിൽ ഐ.എ.വൈ. പദ്ധതി പ്രകാരം 2014-15, 2015-16 വർഷങ്ങളിൽ കരാർ വച്ചിട്ടുള്ളതും ആനുപാതിക വിഹിതത്തിനു അർഹതയുള്ളതുമായ 150 ഗുണഭോക്താക്കൾക്ക് രണ്ട് ലക്ഷത്തിനു പുറമെ ഒരു ലക്ഷം രൂപ കൂടി വിതരണം ചെയ്തിട്ടുണ്ട്. |
| (ബി) ഐ.എ.വൈ. പദ്ധതി പ്രകാരം ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് സംബന്ധിച്ച മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ? | (ബി) ഐ.എ.വൈ. പദ്ധതിയിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു. |

<u>ഗുണഭോക്താക്കളുടെ മുൻഗണനാ ക്രമം</u>

1) സ്വതന്ത്രരായ തൊഴിലാളികൾ

2) എസ്.സി/എസ്.ടി കുടുംബങ്ങൾ

- അതിക്രമത്തിന് ഇരയായ പട്ടികജാതി/ പട്ടികവർഗ്ഗ കുടുംബങ്ങൾ
- വിധവകളും അവിവാഹിതരായ സ്ത്രീകളും നയിക്കുന്ന എസ്.സി/എസ്.ടി കുടുംബങ്ങൾ

- വെള്ളപ്പൊക്കം, ഭൂകമ്പം, ചുഴലിക്കാറ്റ്, പോലെയുള്ള പ്രകൃതി ദുരന്തങ്ങൾ, കലാപം പോലെയുള്ള മനുഷ്യ നിർമ്മിത ദുരന്തങ്ങൾ എന്നിവയാൽ ബാധിതരായ എസ്.സി/എസ്.ടി കുടുംബങ്ങൾ
- മറ്റ് എസ്.സി/ എസ്.ടി കുടുംബങ്ങൾ

3) സൈനിക നടപടിക്കിടെ കൊല്ലപ്പെട്ട പ്രതിരോധ/അർദ്ധസൈനിക സേനാംഗങ്ങളുടെ കുടുംബങ്ങൾ/വിധവകൾ

4) എസ്.സി/എസ്.ടി അല്ലാത്ത ബി.പി.എൽ കുടുംബങ്ങൾ

5) ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്ന വ്യക്തികൾ

6) മുൻ സൈനികരും അർദ്ധസൈനിക വിഭാഗത്തിൽ നിന്ന് വിരമിച്ചവരും

7)വികസന പദ്ധതികളുടെ പേരിൽ കുടിയിറക്കപ്പെട്ട വ്യക്തികൾ, നാടോടി/അർദ്ധ നാടോടികൾ, ഡിനോട്ടിഫൈഡ് ഗോത്രവർഗ്ഗക്കാർ, ശാരീരിക/മാനസിക വൈകല്യമുള്ള അംഗങ്ങളുള്ള കുടുംബങ്ങൾ.

മേൽപ്പറഞ്ഞവയിൽ എല്ലാ വിഭാഗങ്ങളിലെയും കുടുംബങ്ങൾ (കാറ്റഗറി 3 ഒഴികെ) ദാരിദ്ര്യരേഖക്ക് താഴെയുള്ളവരായിരിക്കണം എന്ന വ്യവസ്ഥക്ക് വിധേയമായിട്ടായിരിക്കും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുക.

സെക്ഷൻ ഓഫീസർ